മേഖലയുടെ എൻഫോഴ്സ്മെന്റ് പ്രവർത്തനം വിലയിരുത്താറുമുണ്ട്, എക്സൈസ് കമ്മീഷണർ സംസ്ഥാനത്തെ ഉന്നത എക്സൈസ് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് എല്ലാ മാസവും സംസ്ഥാനത്തെ എൻഫോഴ്സ്മെന്റ് പ്രവർത്തനം അവലോകനം ചെയ്യ് ടി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നല്കുകയും എക്സൈസ് എൻഫോഴ്സ്മെന്റിന്റെ ചുമതലയുള്ള അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) ജില്ലകൾ സന്ദർശിച്ച് ജില്ലകളിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനം അവലോകനം ചെയ്യുകയും കൂടാതെ സർക്കാരിൽ വകുപ്പുമന്ത്രി തലത്തിൽ ഉന്നത എക്സൈസ് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് എൻഫോഴ്സ്മെന്റ് പ്രവർത്തനം അവലോകനം ചെയ്യുവരുന്നുമുണ്ട്.

(സി) ജില്ലകളിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ, എല്ലാ മാസവും മാസാവലോകനം നടത്തുകയും ജില്ലകളിലെ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർ എല്ലാ മാസവും ദ്വൈവാര അവലോകന യോഗങ്ങൾ നടത്തുകയും ചെയ്ത് എൻഫോഴ്സ്മെന്റ് പ്രവർത്തനം ഏകോപിപ്പിക്കാറുണ്ട്. മേഖലാ ജോയിന്റ് എക്സൈസ് കമ്മീഷണർമാർ മേഖലാ തലത്തിലും എക്സൈസ് കമ്മീഷണർ സംസ്ഥാന തലത്തിലും ഉന്നത എക്സൈസ് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്ത് എൻഫോഴ്സ്മെന്റ് പ്രവർത്തനം അവലോകനം, ഏകോപനം എന്നിവ നടത്തിവരുന്നു.

കേരളാ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ തീരദേശ മാപ്പ് നിർമ്മാണം

17 (*317) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള തീരദേശ സംരക്ഷണ അതോറിറ്റി 2011-ലെ വിജ്ഞാപന പ്രകാരം കോസ്റ്റൽ സോൺ മാനേജ്മെന്റ് മാപ്പ് തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് ഏജൻസിയെയാണ് ഇതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത് ; നാളിതുവരെ ഏതെല്ലാം ജില്ലകളുടെ മാപ്പ് തയ്യാറാക്കി; മാപ്പ് തയ്യാറാക്കാൻ ചെലവ് വഹിക്കുന്നതാര് ; ആയതിന് കേന്ദ്രസഹായം ലഭിച്ചിട്ടുണ്ടോ ; കേന്ദ്ര സഹായം ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തിരുവനന്തപുരത്ത് ആക്കുളം ആസ്ഥാനമായുള്ള ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെയാണ് (NCESS) കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ (CZMP) തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്. കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ ജില്ലകൾ, കൊച്ചി കോർപ്പറേഷൻ, മരട് മുനിസിപ്പാലിറ്റി എന്നിവയുടെ കരട് പ്ലാൻ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരാണ് ഇതിനുള്ള ചെലവ് വഹിക്കുന്നത്. തീരദേശ പരിപാലന വിജ്ഞാപനം 2011 അനുസരിച്ചുള്ള തീരദേശ പ്ലാൻ തയ്യാറാക്കേണ്ടത് അതത് സംസ്ഥാനങ്ങളുടെ ബാധ്യതയായതിനാൽ ഇതിന് കേന്ദ്ര സഹായം ലഭിച്ചിട്ടില്ല.

ഡ്രൈവിംഗ് ലൈസൻസ്: നല്കുന്ന നടപടി

18 (*318) ശ്രീ. സി. കെ. സദാശിവൻ :

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യോഗ്യരായ നല്ല ഡ്രൈവർമാരെ സൃഷ്ടിക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ;

(ബി) കെ.എസ്.ആർ.ടി.സി.-യുടേത് ഉൾപ്പെടെ വാഹനങ്ങൾ ഓടിക്കുന്നതിന് അർപ്പണബോധമുള്ള ഡ്രൈവർമാരെ പരിശീലിപ്പിക്കുന്നതിനും മികച്ച ശമ്പളം ഉറപ്പാക്കി കഴിവുറ്റവരെ ഡ്രൈവർ ജോലിയിലേക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) ഡ്രൈവിംഗ് ലൈസൻസ് നല്കുന്ന നടപടിക്രമങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന ലോകാരോഗ്യ സംഘടന തുടക്കമിട്ട പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽനിന്നും മോട്ടോർ വാഹന വകുപ്പിനനുവദിച്ച ഫണ്ടുപയോഗിച്ച്

LIBRARY ARCHIVES Kerala Legislative Assembly